# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1862 17/03/2015-ൽ മറുപടിയ്ക്ക്**

**<u>പോള നിർമ്മാർജനം</u>**

| ചോദ്യം<br>ശ്രീ. സി. എഫ്. തോമസ്: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | കുട്ടനാട് പാക്കേജ് ഫണ്ട് ഉപയോഗിച്ച് ഫിഷറീസ് വകുപ്പിൽ ഫിർമ നടത്തിക്കൊണ്ടിരുന്ന ജലാശയങ്ങളിലെ പോള നീക്കുന്ന ജോലി നിർത്തിവയ്ക്കുവാൻ കുട്ടനാട് പാക്കേജ് പ്രോസ്പരിറ്റി കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചതിനാൽ കുട്ടനാട് പാക്കേജിൻപ്രകാരം നടപ്പാക്കി വന്ന പോളവാരൽ പദ്ധതി നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | ഈ വർഷം പോള നീക്കം ചെയ്യാത്തതുമൂലം തോടുകളിൽ പോള നിറഞ്ഞ് കിടക്കുന്നതുകൊണ്ട് കുട്ടനാട്ടിലെ കർഷകർക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഇതിന് ഒരു പുതിയ സംവിധാനം നിർദ്ദേശിക്കുവാൻ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ഈ കാര്യത്തിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (ഡി) | കുട്ടനാട് പ്രദേശങ്ങളിലെ ആറുകളിലും തോടുകളിലും പോള നിറഞ്ഞതിനാൽ നെൽകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കാർഷികോത്പാദന കമ്മീഷണർക്ക് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കാർഷികോത്പാദന കമ്മീഷണർ ഇക്കാര്യം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | കുട്ടനാട്ടിൽ കൊയ്ത്ത് ആരംഭിച്ചിരിക്കുന്ന സമയത്ത് തോടുകളിലുള്ള പോള നീക്കം ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ